**കണ്ണൂർ ജില്ലയിലെ ഇരിട്ടി,തലശ്ശേരി താലൂക്കുകളിലായി സ്ഥിതി ചെയ്യുന്ന കോളാരി,പട്ടാന്നൂർ കീഴല്ലൂർ വില്ലേജുകളിലായി മട്ടന്നൂർ വ്യവസായ പാർക്കിന്റെ വിപുലീകരണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള പ്രത്യാഘാതത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൻമേൽ**

**വിദഗ്ധസമിതിയുടെ ശുപാർശ– തീയ്യതി – 25.03.2019**

കണ്ണൂർ ജില്ലയിലെ ഇരിട്ടി,തലശ്ശേരി താലൂക്കുകളിലായി സ്ഥിതി ചെയ്യുന്ന കോളാരി,പട്ടാനൂർ,കീഴല്ലൂർ വില്ലേജുകളിലായി മട്ടന്നൂർ വ്യവസായ പാർക്കിന്റെ വിപുലീകരണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് കേരള വൊളൺണ്ടറി ഹെൽത്ത് സർവ്വീസ,കലക്ട്രേറ്റ് (പി.ഒ),മുള്ളൻ കുഴി കോട്ടയം എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ലാ കലക്ടറുടെ 19.02.2019ലെ ഡിസികെഎൻആർ/3102/2016/സി6 നമ്പർ നടപടി ക്രമപ്രകാരം രൂപവൽക്കരിച്ചു.

വിദഗ്ധ സമിതിയുടെ പ്രാഥമിക യോഗം 22.03.2019–ാം തീയ്യതി രാവിലെ 10.30 മണിക്ക് മട്ടന്നൂർ കിൻഫ്ര ആഫീസിൽ വച്ച് ചേർന്നു. സമിതി ചെയർപേഴ്സൺ ശ്രീ.എം.ഗോപി അധ്യക്ഷത വഹിച്ചു. ഈ പദ്ധതിയെക്കുറിച്ചും വിദഗ്ധ സമിതി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. തുടർന്ന് സമിതി അംഗങ്ങൾ പഠന റിപ്പോർട്ടിലെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഇരിട്ടി തലശ്ശേരി താലൂക്കുകളിൽപ്പെടുന്ന കോളാരി,പട്ടാന്നൂർ കീഴല്ലൂർ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നതും വിവിധ സർവ്വെ നമ്പറുകളിലുള്ളതുമായ 21.8235 ഹെക്ടർ സ്ഥലമാണ് വ്യവസായ പാർക്കിന്റെ വിപുലീകരണത്തിനു വേണ്ടി ഇപ്പോൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.തൽഫലമായി ഒരു കുടുംബത്തെ കുടിയൊഴിക്കപ്പെടുകയും 46 വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിഭാഗം സ്ഥലവും തരിശു ഭൂമിയാണ്.

സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ച കാര്യങ്ങളും 25.03.19–ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ വച്ച് ചേർന്ന വിദഗ്ധ സമിതിയുടെ അന്തിമ യോഗത്തിൽ വിശദമായി വിലയിരുത്തി താഴെ ചേർത്ത പ്രകാരം ശുപാർശ ചെയ്യുന്നു

1. മട്ടന്നൂർ പട്ടണത്തോട് ചേർന്ന് 500 ഏക്കർ വരുന്ന ഭൂമി വ്യവസായ പാർക്കിനു വേണ്ടി നേരത്തെ ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ സ്ഥാപന നടപടികൾ ദ്രുത ഗതിയിൽ നടന്നു വരുന്നുണ്ട്. പ്രസ്തുത പാർക്കിന്റെ വിപുലീകരണത്തിന് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട 21.8235 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. പ്രവർത്തനം ആരംഭിച്ച കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 4 കിലോ മീറ്റർ ദൂരത്തിലായിട്ടാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത് .ഈ പ്രദേശത്തിന്റെ മാത്രമല്ല കേരള സംസ്ഥാനത്തിന്റെ തന്നെ സമഗ്ര വികസനത്തിനുതകുന്ന ഒരു വ്യവസായ പാർക്കിന്റെ വിപുലീകരണത്തിനു വേണ്ടിയുള്ള ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതി ഒരു പൊതു ആവശ്യത്തിന് വേണ്ടിയാണെന്ന് ബോധ്യമായിരിക്കുന്നുവെന്ന് ഈ സമിതി അഭിപ്രായപ്പെടുന്നു.

2. നിലവിൽ ഏറ്റെടുത്ത് വ്യവസായ പാർക്കിനു വേണ്ടിയുള്ള നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന സ്ഥലത്തിന്റെ തുടർച്ചയായിട്ടാണ് ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുന്നത്. മാത്രവുമല്ല പ്രത്യാഘാതം നാമ മാത്രമായ ഭൂമിയാണ് പുതുതായി ഏറ്റെടുക്കുന്നത്. ആയതിനാൽ നിർദ്ദിഷ്ട ഭൂമിക്ക് പകരമായി മറ്റൊരു ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

3. ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ശ്രീ. നളോൻ കൃഷ്ണൻ നമ്പ്യാർ ,കുളത്തുംകര,കരിനിലം,കീഴല്ലൂർ എന്നയാളുടെ വീട് (വീട്ടു നമ്പർ 7/440/കെഎൽപി) ഉൾപ്പെടുന്ന 25 സെന്റ് സ്ഥലം കൂടി അതിൽ ഉൾപ്പെടുന്നുണ്ട്. ആയതിനാൽ ഇദ്ദേഹത്തെയും

കുടുംബാംഗങ്ങളെയും കുടിയൊഴിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ പുനരധിവാസ പാക്കേജിന്റെ ആനുകൂല്യം സമയ ബന്ധിതമായി ലഭ്യമാക്കി ഇദ്ദേഹത്തിനും കുടുംബാംഗങ്ങൾക്കും ഉള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രത്യാഘാതം പരിഹരിക്കാവുന്നതാണെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള RFCTLAR&R Act 2013 കേരള സർക്കാരിന്റെ 29.12.2017ലെ ജി.ഒ (എം.എസ്.) നമ്പർ 448/2017/ആർ ഡി ഉത്തരവ് എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

4. ഭൂമി ഏറ്റെടുക്കുകയും അതിന്റെ അതിർത്തിയിലൂടെ മതിൽ കെട്ടുകയും ചെയ്താൽ അവശേഷിക്കുന്ന സ്ഥലമുടമകളുടെ ഭൂമിയിലേക്കുള്ള പ്രവേശന സൗകര്യം നഷ്ടപ്പെടുകയാണെങ്കിൽ അവർക്ക് റോഡ് സൗകര്യം ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

5. വ്യവസായ പാർക്ക് സ്ഥാപിച്ചു കഴിഞ്ഞാൽ അവിടെ ഉണ്ടാകുന്ന മലിനജലം യാതൊരു കാരണ വശാലും പുറത്തേക്ക് ഒഴുക്കി വിടാൻ പാടുള്ളതല്ല. ജനവാസ സാമീപ്യമില്ലാത്തതും പാർക്കിനുള്ളിലുള്ളതുമായ സ്ഥലത്ത് മലിന ജലം സംസ്കരിക്കുന്നതിന് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് ഈ സമിതി അഭിപ്രായപ്പെടുന്നു.

6. ജലസംഭരണം,സസ്യസംരക്ഷണം എന്നിവയ്ക്ക് വേണ്ടി മഴവെള്ള സംഭരണി,മരം നടൽ മുതലായവ നടപ്പിലാക്കണമെന്ന പഠന റിപ്പോർട്ടിനോട് ഈ സമിതിയും യോജിക്കുന്നു.

7. വ്യവസായ പാർക്ക് പൂർണ്ണരൂപത്തിൽ നടപ്പിലാക്കുന്നതോടുകൂടി ഇപ്പോൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ഉൾപ്പെടെയുള്ള സ്ഥലം തികച്ചും ഉപയോഗ പ്രദമാവുന്നതാണെന്ന് കാണുന്നു. ആയതിനാൽ ഏറ്റെടുക്കുന്ന ഭൂമി ഏറ്റവും കുറഞ്ഞ അളവിലുള്ളതാണെന്ന് കാണുന്നു.

8. 46 ഓളം ഭൂവുടമകളുടെ സ്ഥലം ഏറ്റെടുക്കുകയും ഒരു കുടുംബം കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും അവർക്കുള്ള പുനരധിവാസ പാക്കേജ് ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞാൽ ഒരു സംസ്ഥാനത്തിന്റെ തന്നെ സമഗ്ര വികസനത്തിന് മുതൽകൂട്ടാവുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് നിലവിൽ വരികയെന്നതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുത്താലുണ്ടാകാവുന്ന നേട്ടം പദ്ധതി മൂലമുള്ള പ്രത്യാഘാതത്തേക്കാൾ കൂടുതലാണെന്ന് വിദഗ്ധ സമിതി വിലയിരുത്തുന്നു.

മേൽ സാഹചര്യങ്ങളാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതി ഉടൻ നടപ്പിലാക്കാവുന്നതാണെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

കെ. പ്രഭാകരൻ
വാർഡ് മെമ്പർ
കീഴല്ലൂർ ഗ്രാമ പഞ്ചായത്ത്

രാജിനി.പി
വാർഡ് കൗൺസിലർ
മട്ടന്നൂർ മുനിസിപ്പാലിറ്റി

ജിജി.കെ
സാമൂഹ്യ ശാസ്ത്രജ്ഞ
വിദഗ്ധ സമിതി

രാജൻ .പി
റിട്ട.ഡപ്യൂട്ടികലക്ട്ർ
പുനരധിവാസ പ്രവർത്തന
വിദഗ്ധൻ

കെ.വി ഗംഗാധരൻ
അഡ്വൈസർ
(എൽ.എം),കിൻഫ്ര

സി.എം.മുരളീധരൻ
റിട്ട.ഡപ്യൂട്ടി കലക്ട്ർ
പുനരധിവാസപ്രവർത്തന
വിദഗ്ധൻ

എം.ഗോപി
സാമൂഹ്യ ശാസ്ത്രജ്ഞൻ
ചെയർമാൻ,വിദഗ്ധ സമിതി